## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 718** **28.02.2017-ൽ മറുപടിയ്ക്ക്**

## <u>കറൻസി നിരോധനവും തുടർന്നുള്ള നിയന്ത്രണവും</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പാറക്കൽ അബ്ദുല്ല** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കറൻസി നിരോധനവും പിന്നാലെ വന്ന നിയന്ത്രണവും സഹകരണ മേഖലയ്ക്ക് കനത്ത ആഘാതമേൽപ്പിച്ചതായി സർക്കാർ കരുതുന്നുണ്ടോ; | (എ) | കറൻസി നിരോധനവും പിന്നാലെ വന്ന നിയന്ത്രണവും സഹകരണ മേഖലയിൽ താൽക്കാലിക പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | കൂടുതൽ നിക്ഷേപം ആകർഷിക്കാൻ നടത്തിയ സമാഹരണ യജ്ഞം ഉദ്ദേശിച്ച ലക്ഷ്യം കാണാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | കറൻസി നിരോധനം മൂലമുണ്ടായ താൽക്കാലിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സഹകരണ മേഖലയിൽ സഹകരണ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി നടത്തിയ നിക്ഷേപ സമാഹരണ യജ്ഞത്തിൽ പ്രത്യേക ലക്ഷ്യം (ടാർജറ്റ്) നിശ്ചയിച്ചിട്ടില്ലായിരുന്നു. ആയതിനാൽ ഇക്കാര്യം പരിശോധിച്ചിട്ടില്ല. |
| (സി) | മാത്രമല്ല, സമാഹരണ യജ്ഞ കാലയളവിൽ 4000 കോടി രൂപയോളം അധികമായി ബാങ്കുകളിൽ നിന്ന് പിൻവലിക്കപ്പെട്ട കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | നോട്ട് നിരോധനത്തിനു ശേഷം അറ്റ നിക്ഷേപത്തിൽ 6386.18 കോടിരൂപ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ നിക്ഷേപകരുടെ ആശങ്ക അകറ്റി സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (ഡി) | നിക്ഷേപകരുടെ ആശങ്ക അകറ്റി സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18-ന് സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ |

| | | | |
|---|---|---|---|
| | | | സന്ദർശിക്കുകയുണ്ടായി നിക്ഷേപങ്ങൾ സുരക്ഷിതമാണെന്നും നിക്ഷേപകർക്ക് ആശങ്ക വേണ്ടെന്നുമുള്ള സന്ദേശം പത്രപ്പരസ്യമുൾപ്പെടെയുള്ള പ്രചരണ പ്രവർത്തനത്തിലൂടെ ജനങ്ങളിൽ എത്തിച്ചു. ഇനിയും ഇത്തരത്തിലുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ